**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. പെൻഷൻകാരിൽ നിന്നും പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2022 ഡിസംബർ മാസം മുതൽ പെൻഷൻ വിതരണം ചെയ്യുമ്പോൾ ഓരോ മാസവും 100 രൂപ കുറച്ചുള്ള തുക നൽകിയാൽ മതിയെന്ന് കെ.എസ്.ഇ.ബി. അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | കെ.എസ്.ഇ.ബോർഡ് പെൻഷനേഴ്സ് അസോസിയേഷൻ എന്ന സംഘടനയുടെ അഭ്യർത്ഥന പ്രകാരം, "വെൽഫയർ സ്കീം റ്റു ഫാമിലി പെൻഷനേഴ്സ്", എന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, ടി സംഘടനയിൽ അംഗങ്ങളായിട്ടുള്ള കുടുംബ പെൻഷൻകാരുടെ സ്വമേധയായുള്ള സമ്മതപത്രത്തിന്റെ (Willingness in Writing) അടിസ്ഥാനത്തിൽ മാത്രം അത്തരക്കാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2022 ഡിസംബർ മാസം മുതൽ 100/- രൂപ വിതം കിഴിവ് ചെയ്ത് ടി സംഘടനയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുവാൻ, ബന്ധപ്പെട്ട പെൻഷൻ ഡിസ്ബേഴ്സിംഗ് ഓഫീസേഴ്സിന് (ARUs) നിർദ്ദേശം നൽകി കൊണ്ട് 16/11/2022-ലെ ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1536/2022 (പി.എസ്-എസ്.റ്റി.6/2022/3366) പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു സംഗതികളിലും കെ.എസ്.ഇ.ബി.എൽ - ന് നേരിട്ടോ അല്ലാതെയോ ഏതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല എന്ന വസ്തുത ടി ഉത്തരവിൽ അർദ്ധശങ്കയ്ക്കിടയില്ലാത്ത രീതിയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പെൻഷൻകാരിൽ നിന്നും 100 രൂപ വീതം പിടിക്കാൻ ഇടയാക്കുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബോർഡ് പെൻഷനേഴ്സ് അസോസിയേഷൻ എന്ന സംഘടനയുടെ അഭ്യർത്ഥന പ്രകാരം, "വെൽഫയർ സ്കീം റ്റു ഫാമിലി പെൻഷനേഴ്സ്", എന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, ടി സംഘടനയിൽ അംഗങ്ങളായിട്ടുള്ള കുടുംബ പെൻഷൻകാരുടെ സ്വമേധയായുള്ള സമ്മതപത്രത്തിന്റെ (Willingness in Writing) അടിസ്ഥാനത്തിൽ മാത്രം അത്തരക്കാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2022 ഡിസംബർ മാസം മുതൽ 100/- രൂപ വിതം കിഴിവ് ചെയ്ത് ടി സംഘടനയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുവാൻ, ബന്ധപ്പെട്ട പെൻഷൻ ഡിസ്ബേഴ്സിംഗ് |

| | | | |
|---|---|---|---|
| | | | ഓഫീസേഴ്സിന് (ARUs) നിർദ്ദേശം നൽകി കൊണ്ട് 16/11/2022-ലെ ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1536/2022 (പി.എസ്-എസ്.റ്റി.6/2022/3366) പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു സംഗതികളിലും കെ.എസ്.ഇ.ബി.എൽ - ന് നേരിട്ടോ അല്ലാതെയോ ഏതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല എന്ന വസ്തുത ടി ഉത്തരവിൽ അർദ്ധശങ്കയ്ക്കിടയില്ലാത്ത രീതിയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഇപ്രകാരം ഒരു ഉത്തരവ് പുറത്തിറക്കുന്നതിനോ ഒരു ഔദ്യോഗിക ഉത്തരവിലൂടെ പിരിവ് നടത്തുന്നതിനോ ബോർഡിലെ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഇക്കാര്യം പരിശോധിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ പെൻഷൻ വാങ്ങുന്നവർ ആരെങ്കിലും പരാതി നൽകുകയുണ്ടായോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. കെ.എസ്.ഇ.ബി.എൽ - ലെ പെൻഷൻ സംഘടനകൾ പരാതികൾ നൽകിയിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ എടുക്കുന്നതിനും റിപ്പോർട്ടിനുമായി കെ.എസ്.ഇ.ബി ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഉത്തരവ് ചട്ടപ്രകാരമല്ലെങ്കിൽ ആയത് മരവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഉണ്ട്. കെ.എസ്.ഇ.ബി.എൽ - ലെ പെൻഷൻ സംഘടനകൾ പരാതികൾ നൽകിയിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ എടുക്കുന്നതിനും റിപ്പോർട്ടിനുമായി കെ.എസ്.ഇ.ബി ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ